പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 460 06.02.2013 -ലെ മറുപടി

കെ.എസ്.ആർ.ടി.സി.-യുടെ പ്രതിദിന ശരാശരി വരുമാനം

ചോദ്യം

ശ്രീ. ഇ. പി. ജയരാജൻ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2011 മെയ് മാസത്തിൽ കെ.എസ്. ആർ.ടി.സി. പ്രതിദിനം എത്ര ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്തിരുന്നതെന്നു വ്യക്തമാക്കുമോ ; | (എ) | 5,257 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് അനുവാദം നൽകിയിരുന്നു. അതിൽ 2011 മെയ് മാസം ശരാശരി 4,440 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്തിട്ടുണ്ട്. |
| (ബി) | ഇപ്പോൾ കെ.എസ്.ആർ.ടി.സി. പ്രതിദിനം എത്ര ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നുവെന്നു വ്യക്തമാക്കുമോ ; | (ബി) | 5,560 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. അതിൽ 2013 ജനുവരി മാസം ശരാശരി 4,452 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്തിട്ടുണ്ട്. |
| (സി) | 2011 മെയ് മാസത്തിലെ കെ.എസ്.ആർ.ടി.സി.-യുടെ പ്രതിദിന ശരാശരി വരുമാനം എത്രയായിരുന്നു; | (സി) | 2011 മെയ് മാസത്തിലെ കെ.എസ്.ആർ.ടി.സി. യുടെ പ്രതിദിന ശരാശരി വരുമാനം 3,76,32,605 രൂപയാണ്. |
| (ഡി) | ഇപ്പോൾ കെ.എസ്.ആർ.ടി.സി.-യുടെ പ്രതിദിന ശരാശരി വരുമാനം എത്രയാണ് ; | (ഡി) | 2013 ജനുവരിയിലെ കെ.എസ്.ആർ.ടി. സിയുടെ പ്രതിദിന ശരാശരി വരുമാനം 4,67,21,877 രൂപയാണ്. |
| (ഇ) | ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്രതവണ ബസ്ചാർജ് വർദ്ധന നടപ്പിലാക്കിയെന്നു വ്യക്തമാക്കുമോ ; | (ഇ) | രണ്ട് തവണ.<br>08.08.2011, 11.11.2012 |
| (എഫ്) | ബസ് ചാർജ് വർദ്ധനവിലൂടെ പ്രതിദിനം എത്ര തുകയുടെ വർദ്ധനവാണ് കെ.എസ്.ആർ.ടി.സി.-ക്കു ലഭിക്കുന്നതെന്നു വ്യക്തമാക്കുമോ ? | (എഫ്) | വരുമാനത്തിൽ 11.14% -തുകയുടെ വർദ്ധനവ് ഉണ്ടായി. |

സെക്ഷൻ ഓഫീസർ